പോരുക പോരുക തൊഴിമാരെ നിങ്ങൾ

പോരുക പോരുക

വേഗം തന്നെ (2)

ഇലക്കറികൾ തൻ മഹത്വം പാടി നാം

കുമ്മിയടിച്ചയിടാം കൂട്ടുകാരെ (2)

എന്തെല്ലാം ചീരകൾ പാരിലുണ്ട്

ഏതെല്ലാം രീതിയിൽ പാകം ചെയ്യാം (2)

ചീരകൾ തൻ ഗുണം എണ്ണി പറഞ്ഞു നാം

കുമ്മിയടിക്കുവിൻ കൂട്ടുകാരെ

മുറ്റത്തെ പച്ച തഴപ്പിലുമുണ്ടല്ലോ

മെച്ചത്തിലുള്ള ചീരയിനങ്ങൾ (2)

പയറില ചേമ്പില

മുരിങ്ങയില പിന്നെ

കൊഴുപ്പ തഴുതാമ മുള്ളൻചീര (2)

ചിക്കൂർ മനീസും ചീരതന്നെ

നല്ല പച്ചക്കുടവനും ചീരതന്നെ

തുമ്പയിലയും... കൂടാതെയോ

ചേന കിളന്തും.. എന്നുവേണ്ട

കോവയില കറുവേപ്പില മത്തയില,

മല്ലിയില മഞ്ഞതക്കാളിയും ചീരതന്നെ

നല്ല ചുവന്ന ചീരയും ചീരതന്നെ (2)